## 16. അച്ചടക്ക നടപടികൾ

അച്ചടക്ക ശിക്ഷണ നടപടികൾ നടത്തു ന്നതിനായി വകുപ്പിൽ ഒരു രഹസ്യവിഭാഗം (എസ്) പ്രവർത്തിച്ചു വരുന്നു. വകുപ്പിൻെറ സ്റ്റേഷൻ ഓഫീസുകളിൽ സീനിയർ സൂപ്രണ്ട് (ആഡിറ്റ്)-ൻെറ മേൽനോട്ടത്തിൽ വർഷംതോറും ഇൻേറണൽ ആഡിറ്റ് നടത്തുകയും, സാമ്പത്തിക ക്രമക്കേടുകൾ നടന്നിട്ടുണ്ടെങ്കിൽ, ആയത് റിപ്പോർട്ടു ചെയ്യുകയും, കർശനമായ ശിക്ഷണ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. വകുപ്പിൻെറ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ്, ട്രാഫിക് സൂപ്രണ്ട്, മെക്കാനിക്കൽ എൻജിനീയർ എന്നിവരുടെ നേതൃത്വത്തിൽ വിജിലൻസ് വിഭാഗം വകുപ്പിൽ പ്രവർത്തിക്കുന്നു. വകുപ്പിലെ ഓപ്പറേഷൻ വിഭാഗത്തിൽ സർപ്രൈസ് സ്ക്വാഡിൻെറ മിന്നൽ പരിശോധന നടത്തുകയും, ആയത് റിപ്പോർട്ടു ചെയ്തു വരുന്നുണ്ട്. 1960-ലെ കേരളാ സിവിൽ സർവ്വീസസ് തരംതിരിവും, നിയന്ത്രണവും, അപ്പീലും ചട്ടങ്ങൾക്കു വിധേയമായാണ് ശിക്ഷണനടപടികൾ സ്വീകരിച്ചുവരുന്നത്.